"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം- പാലക്കാട് നഗരസഭ-വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ മുൻഓവർസിയർ ഗ്രേഡ് -1 ശ്രീ.പി.കെ.വൽസകമാറിനെതിരെ ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ)** വകുപ്പ്

സ.ഉ.(സാധാ) നം.1740/2025/LSGD തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പിൽ നിന്നുള്ള 16.11.2023-ലെ ഇയു4/280/2023-തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ്.

2. വിജിലൻസ്(എഫ്)വകുപ്പിൽ നിന്നുള്ള 18.09.2023-ലെ വിജി-എഫ്1/306/2023/വിജി നമ്പർ അനൗദ്യോഗിക കുറിപ്പ്.

3 വിജിലൻസ്ഡയറക്ടറുടെ 31.07.2023-ലെ E12-(PE-15/2021/PKD)23575/2021/DVACB നമ്പർ കത്ത്.

4 04.12.2023-ലെ 323/ഇഡബ്ല്യൂഎ3/2023/തസ്വഭവ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

5 മുൻ ഓവർസിയർ ശ്രീ.വത്സകുമാർ പി.കെ. സമർപ്പിച്ച 24.01.2024-ലെ പ്രതിവാദ പത്രിക.

6. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.02.2025-ലെ LSGD/PD/66525/2023-VIGDI നമ്പർ. കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭ ഓഫീസിൽ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണം നടത്തിയ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിററിന്റെ റിപ്പോർട്ടിലെ രണ്ടാമത്തെ ക്രമക്കേട്താഴെ പറയുന്നതാണ്:

"ലോർഡ് കൃഷ്ണ ആർക്കേഡ് എന്ന വാസഗൃഹസമുച്ചയം പണിതിട്ടുള്ള പാലക്കാട് നമ്പർ II വില്ലേജിലെ ബ്ലോക്ക് 31, വാർഡ് 2-ൽ 1289/3 എന്ന സർവ്വേനമ്പറിൽ ഉൾപ്പെട്ട 0.0809 ഹെക്ടർ (22 സെന്റ്) സ്ഥലം പാലക്കാട് നഗരസഭയുടെ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ടി കെട്ടിടം സ്ഥിതിചെയ്യുന്ന പുത്തൂർപ്രദേശം പാലക്കാട് ജില്ലാനഗരാസൂത്രണപദ്ധതി പ്രകാരം നെൽകൃഷിക്കായി വിഭാവനംചെയ്തിട്ടുള്ള അയ്യപുരം-രാമനാഥപുരംമേഖലയിൽ ഉൾപ്പെടുന്നതാണെന്നും ടി സ്ഥലത്ത് ലോർഡ് കൃഷ്ണ ആർക്കേഡ് എന്ന വാസഗൃഹസമുച്ചയം, ആയതിന് കെട്ടിടനിർമ്മാണപെർമിറ്റ് അനുവദിച്ച കാലയളവിലെ

പാലക്കാട് നഗരസഭാസെക്രട്ടറിയുടെയും നഗരസഭയിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെയും ഒത്താശയോടെ കേരളാ നെൽവയൽ-തണ്ണീർത്തടനിയമം ലംഘിച്ച് പണിതിട്ടുള്ളതാണെന്നും വ്യക്തമായിട്ടുണ്ട്."

ടി ക്രമക്കേടിന് കാരണക്കാരനായ പാലക്കാട് നഗരസഭ മുൻ ഓവർസിയർ ഗ്രേഡ് -1 ശ്രീ.പി.കെ.വൽ സകുമാർ (PEN:440536) (നിലവിൽ അസിസ്റ്റന്റ് എഞ്ചിനിയർ)-നെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുററപത്രംനൽകി അച്ചടക്കനടപടിയാരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ.പി.കെ.വത്സകുമാർ സമർപ്പിച്ച പ്രതിവാദപത്രികയിൽ പാലക്കാട് നഗരസഭയിൽ ഒന്നാം ഗ്രേഡ് ഓവർസിയർ ആയി ജോലിചെയ്തുവന്നിരുന്ന കാലഘട്ടത്തിൽ EJBR/342/11-12/PW5 നമ്പർ ഫയൽ പ്രകാരം വാർഡ് രണ്ട് ബ്ലോക്ക് 31 സർവ്വേ നമ്പർ-1289/3-ൽ ഉൾപ്പെട്ടിട്ടുള്ള 0.0809H സ്ഥലത്ത് G+13 നിലകളിൽ വാസഗൃഹസമുച്ചയം നിർമ്മിക്കുന്നതിനുള്ള അപേക്ഷ റിപ്പോർട്ടിനായി ലഭിക്കുകയും പ്രസ്തുതസ്ഥലം അംഗീകൃത അയ്യപുരം-രാമനാഥപുരം വിശദനഗരാസൂത്രണപദ്ധതിയിൽ നെൽപ്പാടമേഖലയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ നിരസിക്കാൻ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ചിരുന്നുവെന്നും തുടർന്ന് അപേക്ഷകൻ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും WP(C)No.19618/2012(B)-യിൽ വിധിന്യായം ഹാജരാക്കുകയും പ്രസ്തുത വിധിന്യായത്തിൽ അപേക്ഷകന്റെ സ്ഥലം ഉടമസ്ഥാവകാശ രേഖപ്രകാരം നിലവിൽ നെൽപ്പാടമായി തുടരുന്നുണ്ടോ എന്ന് പരിശോധിച്ച് അപേക്ഷയിൽ ഒരുമാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ ഉത്തരവായിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുതസ്ഥലം പരിശോധിക്കുകയും തത്സമയം ടി സ്ഥലത്ത് നെൽകൃഷി ചെയ്യുന്നില്ല എന്നതും സ്ഥലത്തിന്റെ നാല് അതിർത്തികളും റിപ്പോർട്ട് ചെയ്തുവെന്നും കെട്ടിടനിർമ്മാണാനുമതി നൽകുന്നതിന് ശിപാർശ ചെയ്തിരുന്നില്ല എന്നും മുനിസിപ്പൽസെക്രട്ടറി പ്രസ്തുതസ്ഥലം നേരിൽ പരിശോധിക്കുകയും കൃഷിയ്ക്ക് അനുയോജ്യമല്ലെന്നും സമീപഭാവിയിൽ കൃഷി നടത്തിയതിന്റെ തെളിവൊന്നുമില്ല എന്നും നീരുറവയോ ജലസ്രോതസ്സുകളോ ഉള്ളതായി കണ്ടില്ല എന്നും സമീപത്ത് ഒഴിഞ്ഞുകിടക്കുന്നപറമ്പിലും കൃഷി ചെയ്തതായി കണ്ടില്ല എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി വിധിയനുസരിച്ച് നിർമ്മാണാനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിക്കുവാൻ (കെ.എം.ബി.ആർ ചട്ടങ്ങൾ പരിശോധിക്കുന്നതിന്) ഫയൽ ടിയാന് കൈമാറി എന്നും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019 ചട്ടങ്ങൾ പ്രകാരം ആവശ്യമായ ഫയർ എൻ.ഒ.സി, പിസിബി എൻ.ഒ.സി. മുതലായവ ഹാജരാക്കിയത് പ്രകാരം കെ.എം.ബി.ആർ. 2019 ചട്ടങ്ങളിൽ ഉള്ള വിശദാംശങ്ങൾ വിവരിക്കുകയും സമർപ്പിച്ചിട്ടുള്ള പ്ലാൻ കെ.എം.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നതിനാൽ കെട്ടിട നിർമ്മാണ അനുമതി അനുവദിക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളതാണെന്നും കെ.എം.ബി.ആർ. ചട്ടങ്ങളിലുള്ള വിശദാംശങ്ങളും സാങ്കേതികവിവരണങ്ങളും കൃത്യമായി പരിശോധിച്ച് ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിന്മേൽ ശിപാർശ ചെയ്തിട്ടുള്ളതെന്നും 2002 ഒക്ടോബർ 31-ൽ സർവീസിൽ പ്രവേശിച്ച ടിയാൻ സാങ്കേതികകാര്യങ്ങളിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല എന്നും അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിച്ചിരുന്നു.

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽഡയറക്ടർ പ്രതിവാദപത്രികയിന്മേൽ സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ ശ്രീ. വിജയ് ഹരി, പാലക്കാട് മുനിസിപ്പാലിറ്റിയിലെ പുത്തൂർ എന്ന സ്ഥലത്ത്

പാലക്കാട് 2 വില്ലേജിലെ റീ സർവ്വേ നം. 2/31-ലുള്ള 0.0809 ഹെക്ടർ സ്ഥലത്ത് റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പണിയുന്നതിന് 04/08/2012-ന് അപേക്ഷ സമർപ്പിച്ചിരുന്നതായും ടി സ്ഥലം അംഗീകൃത അയ്യപുരം-രാമനാഥപുരം DTP സ്കീം പ്രകാരം നെൽപ്പാടമേഖലയായി കാണപ്പെട്ടതിനാൽ ടി അപേക്ഷ നിരസിക്കുകയും ആയതിനെതിരെ അപേക്ഷകൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No 19618/12(B) ആയി ഫയൽ ചെയ്ത കേസിലെ വിധിന്യായത്തിൽ കക്ഷിയുടെ സ്ഥലംപരിശോധിച്ച് കെട്ടിടനിർമ്മാണ അപേക്ഷ പരിഗണിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ബഹു. ഹൈക്കോടതി വിധി അനുസരിച്ച് നിർമ്മാണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക എന്നുള്ള സെക്രട്ടറിയുടെ 17/10/2012-ലെ ഉത്തരവിൻപ്രകാരം KMBR 99 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന് ഫയൽപരിശോധിച്ചതിൽ ബോധ്യമായതിനാൽ പാലക്കാട് നഗരസഭയിലെ മുൻഓവർസിയർ ശ്രീ.പി.കെ.വത്സകുമാറിന്റെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെടുന്നു.

വിജിലൻസ് റിപ്പോർട്ട്, അസിസ്റ്റന്റ് എഞ്ചിനിയർ (മുൻ ഓവർസിയർ) ശ്രീ.പി.കെ.വത്സകുമാറിന്റെ വാദങ്ങൾ, ആയതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.വിജയ് ഹരി, മാനേജിംഗ് ഡയറക്ടർ, ലോർഡ് കൃഷ്ണാ ആർക്കേഡ് പ്രൈവറ്റ് ലിമിറ്റഡ് പാലക്കാട് മുനിസിപ്പാലിറ്റിയിലെ പുത്തൂർ എന്ന സ്ഥലത്ത് പാലക്കാട്,നമ്പർ II വില്ലേജിലെ റീ സർവ്വേ നം. 2/31-ലുള്ള 0.0809 ഹെക്ടർ സ്ഥലത്ത് റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പണിയുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതായും ടി സ്ഥലം അംഗീകൃത അയ്യപുരം രാമനാഥപുരം DTP സ്കീം പ്രകാരം നെൽപ്പാടമേഖലയായി കാണപ്പെട്ടതിനാൽ ടി അപേക്ഷ നിരസിക്കുകയും ആയതിനെതിരെ അപേക്ഷകൻ ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയതിലെ വിധിന്യായ പ്രകാരം കക്ഷിയുടെ സ്ഥലം പരിശോധിച്ച് കെട്ടിട നിർമ്മാണ അപേക്ഷയിൽ KMBR99 പ്രകരമുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ടാണ് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടിയാൻ വ്യവസ്ഥകൾ പാലിച്ചാണ് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നതിനാലും ടിയാന്റെ ഭാഗത്തു വീഴ്ച ഉണ്ടായിട്ടില്ലായെന്നും ബോധ്യപ്പെടുന്നതിനാലും പാലക്കാട് നഗരസഭ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ (മുൻ ഓവർസിയർ) ശ്രീ.പി.കെ.വത്സകുമാറിനെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. പി.കെ. വത്സകുമാർ (PEN:440536), അസി.എഞ്ചിനിയർ, പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത്(മുൻ ഓവർസിയർ ഗ്രേഡ് -1, പാലക്കാട് നഗരസഭ) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ് ( 16.11.2023 ലെ ഇയു4/280/2023-തസ്വഭവ നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം.)
4. വിജിലൻസ് (എഫ്) വകുപ്പ് ( 18.09.2023 ലെ വിജി- എഫ്1/306/2023/വിജി നം. അനൗദ്യോഗിക

കുറിപ്പ് പ്രകാരം)

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്(DPC ലിസ്റ്റ് സംബന്ധിച്ച നടപടിയ്ക്കായി)
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 14-07-2025 14:36:04
സെക്ഷൻ ഓഫീസർ